കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല – ഇലഞ്ഞി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജസ്റ്റിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1540/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 05..06.2018

==========

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 05.11.2012-ലെ ഇ 7(എസ് സി29/12/ഇകെഎം)22887/2012 നമ്പർ കത്ത്

2. സർക്കാരിന്റെ 16.04.2013-ലെ 4658/ഇപിബി2/2013/തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീ. ജെ. ജസ്റ്റിൻ സമർപ്പിച്ച 03.08.2013-ലെ പ്രതിവാദ പത്രിക
4. സർക്കാരിന്റെ 10.10.2014-ലെ 4658/ഇപിബി2/2013/തസ്വഭവ നമ്പർ കുറ്റപത്രം
5. സർക്കാരിന്റെ 31.03.2017-ലെ 4658/ഇപിബി2/2013/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. ശ്രീ. ജെ. ജസ്റ്റിൻ സമർപ്പിച്ച 01.07.2017-ലെ എതിർവാദ പത്രിക

ഉത്തരവ്

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ 08.06.2012-ൽ ആകസ്മിക പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചു ആയതിൽ കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1. വ്യക്തിഗത പണപ്രഖ്യാപന രജിസ്റ്റർ എഴുതി സൂക്ഷിച്ചിരുന്നില്ല.
2. ഡിമാന്റ് രജിസ്റ്റർ, ബിൽഡിംഗ് രജിസ്റ്റർ, അസ്സസ്മെന്റ് രജിസ്റ്റർ എന്നിവ നല്ല സ്ഥിതിയിൽ സൂക്ഷിക്കപ്പെട്ടിരുന്നില്ല.
3. നിയമപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളിൽ സാക്ഷ്യപത്രങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല.
4. M/s Edayan Associates Pvt. Ltd, എന്ന പേരിലുള്ള ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ക്വാറി ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചു വരുന്നു.

തുടർന്ന് ടി ക്രമക്കേടുകൾക്കുത്തരവാദിയായ ഇലഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജെ. ജസ്റ്റിന് പരാമർശം (2) പ്രകാരം ലഘുശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. ജസ്റ്റിൻ സമർപ്പിച്ച

മറുപടി ന്യായീകരിക്കത്തക്കതല്ലെന്ന് അറിയിക്കുകയും തുടർന്ന് ടിയാന്റെ 2 വാർഷിക വേതന വർദ്ധനവുകൾ സഞ്ചിതഫലത്തോടെ തടയാൻ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രമാണ് നൽകിയിരുന്നത് എന്നതിനാൽ ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കാൻ കഴിയാത്തതിനാൽ ടിയാന് പരാമർശം (4) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിക്കുകയും ആയതിന് ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ടിയാൻ 30.12.2015-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുടർന്ന് ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ജസ്റ്റിൻ പരാമർശം (6) പ്രകാരം എതിർവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ജസ്റ്റിന് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചിതിനാൽ ശ്രീ. ജസ്റ്റിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. ജസ്റ്റിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കുന്നതിനു മുമ്പായി ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ഇലഞ്ഞി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജസ്റ്റിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
2. ശ്രീ. ജെ. ജസ്റ്റിൻ, മുൻ സെക്രട്ടറി, ഇലഞ്ഞി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, ഇലഞ്ഞി ഗ്രാമപഞ്ചായത്ത്, എറണാകുളം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.4658/ഇപിബി2/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ